മയക്കുമരുന്നു കലർത്തിയ വസ്തുക്കൾ

4 (*274) ശ്രീ. യു. സി. രാമൻ :
ശ്രീ. പി. കെ. അബ്ദു റബ്ബ് :
ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് :
ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് എക്സൈസും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മയക്കുമരുന്ന് കലർത്തിയ പാൻമസാലകൾ, ച്യൂയിംഗം പോലുള്ള മിഠായികൾ എന്നിവ മാർക്കറ്റിൽ പ്രചരിക്കുന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇത്തരം വസ്തുക്കൾ കണ്ടെത്തുന്നതിനും കുറ്റക്കാർക്കെതിരെ നിയമ നടപടികൾ സ്വീകരിക്കുന്നതിനുമായി നിർദ്ദേശങ്ങളെന്തെങ്കിലും നൽകിയിട്ടുണ്ടോ ;

(സി) മയക്കുമരുന്നുകളുടെ സാന്നിദ്ധ്യം കണ്ടെത്താൻ എക്സൈസ് വകുപ്പിന് കീഴിൽ ലബോറട്ടി സംവിധാനം നിലവിലുണ്ടോ ; എങ്കിൽ അവിടെ നടക്കുന്ന പരിശോധന സംബന്ധിച്ച് വിശദാംശങ്ങൾ നൽകുമോ ;

(ഡി) ഡോക്ടറുടെ കുറിപ്പടി പ്രകാരം ചികിത്സാ ആവശ്യത്തിനുമാത്രം മെഡിക്കൽ സ്റ്റോറുകൾ വഴി നൽകേണ്ട മരുന്നുകൾ പാൻമസാലകളിലും മിഠായികളിലും ചേർത്ത്, സ്കൂൾ കോളേജ് പരിസരങ്ങളിൽ വിറ്റഴിക്കുന്ന പ്രവണത നിരീക്ഷിക്കാനും തടയാനും എക്സൈസ് വകുപ്പ് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ ?

എക്സൈസും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. പി. കെ. ഗുരുദാസൻ) : സർ,

(എ) ഇല്ല.

(ബി) മയക്കുമരുന്നു കലർത്തിയ വസ്തുക്കൾ ഉണ്ടെങ്കിൽ അവ കണ്ടെത്തുന്നതിനും കുറ്റക്കാർക്കെതിരെ നിയമ നടപടികളെടുക്കുന്നതിനും കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. അപ്രകാരം കണ്ടെത്തിയാൽ, എൻ.ഡി.പി.എസ്. അബ്കാരി ആക്ട് എന്നിവ പ്രകാരം നടപടികൾ എടുക്കുന്നതാണ്.

(സി) എക്സൈസ് വകുപ്പിന് കീഴിൽ പ്രത്യേക ലബോറട്ടറി ഇല്ല.

(ഡി) മയക്കുമരുന്നിന്റേയും അവ കലർത്തിയിട്ടുള്ള വസ്തുക്കളുടേയും ശേഖരണം, കടത്ത്, വിപണനം എന്നിവ സംബന്ധിച്ച് നിരീക്ഷിക്കാനും, അനുയോജ്യമായ വകുപ്പുകൾ പ്രകാരം കർശന നിയമ നടപടികൾ സ്വീകരിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്.

ശ്രീ. യു. സി. രാമൻ : സർ, മനോഹരമായ പായ്ക്കറ്റുകളിൽ വരുന്ന പാൻമസാലകൾ, ച്യൂയിംഗം അതുപോലെ മയക്കുമരുന്ന് കലർന്നുവരുന്ന മിഠായികൾ ഇവയെല്ലാം സ്കൂളുകളുടെ മുമ്പിൽ വിൽപ്പന നടത്തിക്കൊണ്ടിരി

LIBRARY ARCHIVES Kerala Legislative Assembly

ക്കുയാണ്. ഇത് നിരോധിക്കുന്നതിനുവേണ്ടി പഞ്ചായത്തുകൾ പലപ്പോഴും ശ്രമിക്കാറുണ്ട്. പഞ്ചായത്തിന്റെ ശ്രമം പലപ്പോഴും ഫലപ്രദമാകാറില്ല. അതുകൊണ്ട് ഇതിന്റെ വിൽപ്പന കർശനമായി നിയന്ത്രിക്കുന്നതിനും നിരോധിക്കുന്നതിനും എന്ത് നടപടിയാണ് സർക്കാർ സ്വീകരിക്കാൻ പോകുന്നത് ?

ശ്രീ. പി. കെ. ഗുരുദാസൻ : സർ, പാൻമസാലകളും, ച്യൂയിംഗം പോലുള്ള മിഠായികളും നിരോധിക്കാൻ രാജ്യത്ത് നിയമമില്ല.

ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : സർ, യുവാക്കളും വിദ്യാർത്ഥികളും മയക്കുമരുന്നിന്റെ അടിമകളാക്കുന്നുവെന്നതിന്റെ ഞെട്ടിപ്പിക്കുന്ന വിവരങ്ങൾ പുറത്തുവരികയാണ്. ഇത്തരം മരുന്നുകളും പാൻമസാലകളും വിറ്റഴിക്കുന്നത് തടയാൻ ജനകീയ പോലീസിന്റെ സഹായത്തോടെ ജനകീയ ജാഗ്രതാ സമിതികൾ രൂപീകരിക്കാൻ നടപടി സ്വീകരിക്കുമോ ?

ശ്രീ. പി. കെ. ഗുരുദാസൻ : സർ, എക്സൈസ് ഡിപ്പാർട്ടുമെന്റും പോലീസ് ഡിപ്പാർട്ടുമെന്റും ചേർന്ന് കുറേയധികം നടപടി സ്വീകരിച്ചിട്ടുണ്ട്. അതേസമയം നിരോധിച്ചിട്ടില്ലാത്ത മിഠായികൾ രാജ്യത്തിന്റെ നിയമവുമായി ബന്ധപ്പെട്ടുള്ളതാണ്. ആ സഹാചര്യത്തിൽ ശക്തമായ ബോധവൽക്കരണവും പ്രചരണവുമാണ് അതിനാവശ്യമായിട്ടുള്ളത്.

ശ്രീ. സി. എം. ദിനേൾ മണി : സർ, എക്സൈസ് വകുപ്പിന്റെ കീഴിൽ മയക്കുമരുന്നുകളുടെ സാന്നിദ്ധ്യം കണ്ടെത്താൻവേണ്ടിയുള്ള ലാബ് ഇല്ല എന്ന് ബഹുമാനപ്പെട്ട മന്ത്രി മറുപടി പറയുകയുണ്ടായി. എക്സൈസ് വകുപ്പിൽ നല്ലൊരു ലാബ് നിർമ്മിക്കാൻ കഴിയും. അതിനുള്ള നടപടി സ്വീകരിക്കാൻ കഴിയുമോ ?

ശ്രീ. പി. കെ. ഗുരുദാസൻ : സർ, എക്സൈസ് വകുപ്പിന് ഇപ്പോൾ കള്ളിൽ മായം ചേർത്താലും മദ്യത്തിനകത്ത് മായം ചേർത്താലും പരിശോധിക്കാൻ സ്വന്തമായി ലബോറട്ടറി ഇല്ല. ഹോം ഡിപ്പാർട്ടുമെന്റുമായി ബന്ധപ്പെട്ടാണ് ഈ ലബോറട്ടറികൾ വർക്ക് ചെയ്യുന്നത്. ഓരോ ജില്ലയിലും പ്രത്യേകം പ്രത്യേകം ലബോറട്ടറികൾ സ്ഥാപിക്കുന്നതിനെപ്പറ്റി ഇപ്പോൾ മദ്യനയത്തിൽ ഞങ്ങൾ പ്രഖ്യാപിച്ചിട്ടുണ്ട്. അടുത്ത വർഷം അക്കാര്യം പരിഗണിക്കുന്നതാണ്.

ശ്രീ. ജി. കാർത്തികേയൻ : സർ, കേരളത്തിൽ വിദ്യാർത്ഥികളിൽ പോലും വല്ലാതെ മദ്യപാനം വർദ്ധിച്ചുവരുന്ന ഒരു കാലമാണ് ഇന്ന്. അതിന് അവർക്ക് പ്രചോദനം നൽകുന്നത് ഇവിടെയാണ്. എക്സൈസ് ഡിപ്പാർട്ടുമെന്റും പോലീസ് ഡിപ്പാർട്ടുമെന്റും സഹകരിച്ചുനിന്നുകൊണ്ട് മദ്യം കച്ചവടം ചെയ്യുന്ന കടകൾ സീൽ ചെയ്ത് മേലിൽ ഇതാരും നടത്തരുത് എന്ന നിലയിൽ നടപടിയെടുത്താൽ വലിയ താക്കീതായി മാറും. റെയ്ഡ് നടത്തി ഈ സാധനങ്ങൾ പിടിച്ചെടുത്ത് മേലിൽ ഇതാവർത്തിക്കാതിരിക്കാൻ നടപടി സ്വീകരിക്കുമോ ; ഇവ ഉപയോഗിച്ച് പുറത്തിറങ്ങുന്ന കുട്ടികൾ വീണ്ടും വിദേശമദ്യഷാപ്പുകളിലെ ഔട്ട്ലെറ്റുകളിലേക്ക് പോകുന്ന ഒരു ദുരന്തവും ഇന്ന് നിലനിൽക്കുന്നുണ്ട്. അതുകൊണ്ട് അവർക്ക് അടിസ്ഥാനം നൽകുന്ന സ്കൂൾ അന്തരീക്ഷം ഇല്ലാതാക്കുന്നതിനുള്ള കർശന നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. കെ. ഗുരുദാസൻ : സർ, സ്പിരിറ്റ് കള്ളക്കടത്തിനെതിരായി കഴിഞ്ഞ നാല് വർഷത്തിനകം 895 കേസ്സുകളാണ് എടുത്തിട്ടുള്ളത്. കുറേ പേരെ ശിക്ഷിക്കുകയും ചെയ്തിട്ടുണ്ട് എൻ.ഡി.പി.എസ്., അബ്കാരി ആക്ട് അനുസരിച്ച് ഞങ്ങൾ 600-ലധികം കേസ്സുകളെടുത്തിട്ടുണ്ട്. കഞ്ചാവ് പിടിച്ചു. 12743 കിലോഗ്രാം കഞ്ചാവ് പിടിച്ചു. 70856 കഞ്ചാവ് ചെടികൾ നശിപ്പിച്ചു. 36 കിലോഗ്രാം ബ്രൗൺഷുഗർ പിടിച്ചെടുത്തു. അതുപോലെ ചരസ് ഒരു കിലോഗ്രാം പിടിച്ചു. ഹെറോയിൻ ഓയിൽ 110.04 കിലോഗ്രാം പിടിച്ചു. ഇതിലെല്ലാം കുറേ പുരുഷൻമാരേയും സ്ത്രീകളേയും അറസ്റ്റ് ചെയ്യുകയും നടപടിയെടുക്കുകയും ചെയ്തിട്ടുണ്ട്. അതേസമയം നമ്മുടെ കുട്ടികളെ ഇതിൽനിന്നെല്ലാം പിന്തിരിപ്പിക്കുന്നതിനാവശ്യമായ ഉയർന്ന സാമൂഹ്യബോധം വളർത്തിയെടുക്കാൻ എല്ലാ രാഷ്ട്രീയ പ്രസ്ഥാനങ്ങളും ബഹുജനപ്രസ്ഥാനങ്ങളും ഗവൺമെന്റിതര സംഘടനകളും വരാൻ തയ്യാറാകണം. .....(തടസ്സം).....

ശ്രീ. ബാബു എം. പാലിശ്ശേരി : സർ, പാൻമസാലകളും മറ്റ് മയക്കു മരുന്നുകളും പല പഞ്ചായത്തുകളും നിരോധിച്ചിട്ടുണ്ട്. പക്ഷേ നിരോധനത്തിന്റെ ഒന്നോ രണ്ടോ മാസമൊക്കെത്തന്നെ ഇത് കടകളിൽനിന്നും അപ്രത്യക്ഷമാകും. ഇപ്പോൾ കുന്നംകുളം മണ്ഡലത്തിൽത്തന്നെ മൂന്നോ നാലോ പഞ്ചായത്തുകളുണ്ട്. പാൻ മസാലകളും മറ്റും നിരോധിക്കപ്പെട്ട എല്ലാ പഞ്ചായത്തുകളിലും ഇത് യഥേഷ്ടം കടകളിൽ തൂങ്ങിക്കിടക്കുകയാണ്. ഇത് കൈകാര്യം ചെയ്യാൻ മറ്റ് എന്തെങ്കിലും മാർഗ്ഗങ്ങൾ സ്വീകരിക്കുമോ ; നിരോധിച്ചിട്ടും ഇവ വിൽക്കുന്നതിനെതിരെ എന്തെങ്കിലും നടപടി സ്വീകരിക്കുമോ ?

ശ്രീ. പി. കെ. ഗുരുദാസൻ : സർ, പാൻമസാലകൾ, ച്യൂയിംഗം പോലുള്ള മിഠായികൾ എന്നിവ നിരോധിച്ചിട്ടില്ലായെന്നുള്ളതാണ് വിഷയം. അതിനകത്ത് മയക്കുമരുന്നുചേർത്താൽ മാത്രമേ നമുക്ക് നടപടിയെടുക്കാൻ അധികാരമുള്ളൂ.

ശ്രീ. ജോസഫ് എം. പുതുശ്ശേരി : സർ, പാൻമസാല, ച്യൂയിംഗം പോലുള്ള മിഠായികൾ എന്നിവ മാത്രമല്ല ജ്യൂസ് അടക്കമുള്ളവയിൽ ഈ മയക്കുമരുന്നുകളും ലഹരിപദാർത്ഥങ്ങളും ചേർത്ത് സ്കൂളുകളുടെ ചുറ്റും വിതരണം ചെയ്യുകയാണ്. ഇപ്പോൾ അങ്ങ് വായിച്ച കണക്കിൽ തന്നെ ഇതിന്റെ ലഭ്യത വളരെയേറെയാണെന്ന് വ്യക്തമാക്കുന്നുണ്ട്. ലഭ്യത കുറയ്ക്കുകയാണ് ഈ കാര്യത്തിൽ ചെയ്യാനുള്ളത്. കാരണം കുട്ടികളുടെ തിരിച്ചറിവിന്റെ ഒരു പ്രായമല്ല. കുട്ടികൾ സ്വാഭാവികമായും ആകർഷകമായ ഇങ്ങനെയൊക്കെയുള്ള കാര്യങ്ങളിലേക്ക് വഴി തിരിഞ്ഞുപോകുന്നൊരു സാഹചര്യം ഉണ്ട്. അപ്പോൾ ലഭ്യത കുറയ്ക്കുകയെന്നുള്ളത് തന്നെയാണ് ഇതിൽ പ്രഥമമായി സ്വീകരിക്കേണ്ട നടപടി. അതിനാവശ്യമായ നടപടികൾ സ്വീകരിക്കാനുള്ള സംവിധാനം എക്സൈസ് ഡിപ്പാർട്ടുമെന്റിൽ ഇല്ല. അതിനുള്ള നടപടിയും ഉണ്ടാകുന്നില്ല. ഇപ്പോൾ ലഹരിവാറ്റുകാരുടെ കാര്യം തന്നെ ഇവിടെ സൂചിപ്പിക്കുകയുണ്ടായി. അതുകൊണ്ട് ഫലപ്രദമായ നടപടി ഈ കാര്യത്തിൽ സ്വീകരിക്കാൻ അങ്ങ് തയ്യാറാകുമോ ?

ശ്രീ. പി. കെ. ഗുരുദാസൻ : സർ, ഇന്നിപ്പോൾ ഫലപ്രദമായ നടപടികളാണ് സ്വീകരിച്ചുവരുന്നത്. അതുകൊണ്ടാണ് കഞ്ചാവ് പിടിക്കുന്നതും കഞ്ചാവ് ചെടികൾ നശിപ്പിക്കുന്നതും അതുപോലെ ചരസ് പിടിക്കുന്നത് ബ്രൗൺഷുഗർ പിടിക്കുന്നത്. ഈ കള്ളക്കടത്തെല്ലാം അവസാനിപ്പിക്കാനാവശ്യമായ ഒരു സാമൂഹികവ്യവസ്ഥ നമുക്ക് ഉണ്ടാക്കിയെടുക്കാൻ കഴിയണം.

ശ്രീ. കെ. വി. അബ്ദുൾ ഖാദർ : സർ, അരിഷ്ടങ്ങളിലും മറ്റും കലർന്നിട്ടുള്ള മയക്കുമരുന്നുകളുടെ അംശം ഇന്ന് വളരെയേറെ ചർച്ച ചെയ്യപ്പെടുന്നുണ്ട്. ഇതെല്ലാം തടയുന്നതിന് പ്രായോഗികമായി എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത് ?

ശ്രീ. പി. കെ. ഗുരുദാസൻ : സർ, ചോദ്യം കേട്ടില്ല...

മി. സ്പീക്കർ : യെസ്....

ശ്രീ. കെ. വി. അബ്ദുൾ ഖാദർ : സർ, ആസവം, അരിഷ്ടം തുടങ്ങിയിട്ടുള്ള ....

മി. സ്പീക്കർ : ഓർഡർ.....ഓർഡർ.....ചോദ്യോത്തരസമയം കഴിഞ്ഞു.

(ചോദ്യോത്തരസമയം കഴിഞ്ഞു.)

(2) രേഖാമൂലം നൽകിയ ഉത്തരങ്ങൾ

(i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

ഭക്ഷ്യ സുരക്ഷാ പരിപാടിയോടനുബന്ധിച്ച് നെൽകൃഷിക്കുള്ള പ്രത്യേക പാക്കേജ്

*(*275) ശ്രീ. ജി. കാർത്തികേയൻ :
ശ്രീ. അടൂർ പ്രകാശ് :
ശ്രീ. കെ. ശിവദാസൻ നായർ :
ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഭക്ഷ്യ സുരക്ഷാ പരിപാടിയോടനുബന്ധിച്ച് നെൽകൃഷിക്കുള്ള പ്രത്യേക പാക്കേജനുസരിച്ച് ഈ സാമ്പത്തിക വർഷത്തിൽ ഇതുവരെ എന്തൊക്കെ പ്രവർത്തനങ്ങൾ നടത്താനായി എന്ന് വിശദീകരിക്കുമോ ;

(ബി) പ്രസ്തുത പാക്കേജിനായി ഈ കാലയളവിൽ എത്ര കോടി രൂപയുടെ പദ്ധതികളാണ് ആവിഷ്കരിച്ചത് ;

(സി) ഇതുവരെ ഈ പദ്ധതിയിൽ കീഴിൽ എന്ത് തുക ചെവഴിച്ചു ;

(ഡി) പ്രസ്തുത പദ്ധതിക്ക് വകയിരുത്തിയിരുന്ന ബഡ്ജറ്റ് വിഹിതത്തിന് പുറമേ രാഷ്ട്രീയ കൃഷി വികാസ് യോജനയിൽ നിന്നും എന്ത് തുക പ്രസ്തുത പദ്ധതിക്കായി ഇതുവരെ ചെലവഴിച്ചു ;

(ഇ) പ്രസ്തുത പദ്ധതിലക്ഷ്യം കൈവരിക്കാൻ ഇനിയും എന്തൊക്കെ പ്രവർത്തനങ്ങൾ നടത്തേണ്ടതുണ്ടെന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly